

THURSDAY 10.08.2023 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


**FARM INFORMATION BUREAU**

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA



Chief Editor : ASA S KUMAR Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-10/08/2023.

1. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള വെള്ളാനിക്കര പച്ചക്കറി ശാസ്ത്ര വിഭാഗത്തിൽ കൂർക്ക തലകൾ 1 രൂപ ഒരു കൂർക്ക തലക്ക് എന്ന നിരക്കിൽ വില്പനക്ക് തയ്യാറായിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 9188248481

2. കാർഷിക സർവകലാശാല കാർഷിക കോളേജിൽ അസോസ്പൈറില്ലം, അസറ്റോബാക്ടർ റൈസോബിയം, മൈക്കോറൈസ, പി.എസ്.ബി തുടങ്ങിയ ജൈവ വളങ്ങളും ട്രൈക്കോഡർമ സ്യൂഡോമോണാസ് തുടങ്ങിയ ജൈവ കീടനാശിനികളും വിൽപ്പനക്ക് തയ്യാറാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ:0487 2438674

3. നാളികേര വികസന ബോർഡ് ഹിന്ദി പക്ഷാചരണത്തോടനുബന്ധിച്ച് എറണാകുളം ജില്ലയിലെ സ്കൂളുകളിലെ ഹിന്ദി അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കുമായി ഹിന്ദി കവിത രചന മത്സരം സംഘടിപ്പിക്കുന്നു. അഞ്ച് മുതൽ ഏഴ് വരെ ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് ജൂനിയർ വിഭാഗത്തിലും എട്ട് മുതൽ പത്ത് വരെയുള്ളവർക്ക് സീനിയർ വിഭാഗത്തിലും പങ്കെടുക്കാവുന്നതാണ്. ''അനൂഠാ നാരിയൽ മഹിമ അപാർ'' (അദ്വിതീയം നാളികേരം, മഹിമ അപാരം) എന്നതാണ് മത്സര വിഷയം. സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തിയ രചനകൾ ചെയർമാൻ, നാളികേര വികസന ബോർഡ്, കേര ഭവൻ, കൊച്ചി-11 എന്ന വിലാസത്തിൽ സെപ്തംബർ 11-ാം തീയതി വൈകുന്നേരം 5.30 മണിക്കുള്ളിൽ ലഭിച്ചിരിക്കണം. സമ്മാനാർഹർക്ക് ക്യാഷ് അവാർഡും പ്രശസ്തി പത്രവും സമ്മാനിക്കുന്നതാണ്. വിശദവിവരങ്ങൾക്ക്: 0484--2377266 Extn-145/121 എന്ന നമ്പറിൽ ബന്ധപ്പെടുക.

4. കേരള കാർഷിക സർവകലാശാലയുടെ കരമന നെടുങ്കാട് സ്ഥിതിചെയ്യുന്ന സംയോജിത കൃഷി സമ്പ്രദായ കേന്ദ്രത്തിൽ നിറപുത്തരി കൊയ്ത്തുത്സവത്തിനുള്ള നെൽക്കതിർ (ചതുരശ്ര മീറ്ററിന് 100 രൂപ), കതിർക്കെട്ടുകൾ ('അയർ' - വലുപ്പം അനുസരിച്ച് 250 മുതൽ 2000 രൂപ വരെ) വില്പ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 0471 2343586ൽ ബന്ധപ്പെടുക.

5. കൊല്ലം ജില്ലയിലെ കുളത്തൂപ്പുഴ മൃഗാശുപത്രി വഴി സർക്കാർ ഫാമിൽ വികസിപ്പിച്ചെടുത്ത അത്യുൽപാദനശേഷിയുള്ള 45 ദിവസം മുതൽ 60 ദിവസം വരെ പ്രായമായ മുട്ടക്കോഴി കുഞ്ഞുങ്ങളെ കോഴി ഒന്നിന് 130 രൂപ നിരക്കിൽ ആഗസ്റ്റ് പതിനൊന്നാം തീയതി രാവിലെ 10 മണി മുതൽ ഒരു മണി

വരെ വിതരണം ചെയ്യുന്നതാണ് ആവശ്യമുള്ളവർ 9446272991, 8921875192 എന്നീ ഫോൺ നമ്പറുകളിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

**പരിശീലന പരിപാടി**

6. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ "കൂൺ വിത്തുഉൽപ്പാദനം" എന്ന വിഷയത്തിൽ 2023 ഓഗസ്റ്റ് 11ന് ഒരു ദിവസത്തെ പരിശീലന പരിപാടി നടത്തുന്നു. പരിശീലന ഫീസ് 300/-രൂപ. താൽപര്യമുള്ളവർ 9400483754 എന്ന ഫോൺ നമ്പറിൽ രാവിലെ 10 മണി മുതൽ 4 മണി വരെയുള്ള സമയങ്ങളിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്.

7. എറണാകുളം ജില്ലയിലെ ആലുവ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 22 ന് അടുക്കളമുറ്റത്തെ കോഴി വളർത്തൽ 24 ന് ആട് വളർത്തൽ എന്നീ വിഷയങ്ങളിൽ കർഷകർക്കായി പരിശീലന പരിപാടികൾ നടത്തപ്പെടുന്നു. പരിശീലന സമയം രാവിലെ 10 മണി മുതൽ 5 മണി വരെ. മൃഗസംരക്ഷണ മേഖലയിലെ പുതു സംരംഭകർക്കും/ തുടക്കക്കാർക്കും, ചെറിയതോതിൽ മൃഗങ്ങൾ/ പക്ഷികൾ വളർത്തുന്നവർക്കുമായാണ് ഈ പരിശീലനം നടത്തപ്പെടുന്നത്. കൂടുതലായി മൃഗങ്ങൾ പക്ഷികൾ വളർത്തുന്നവർക്കായി വരും ദിവസങ്ങളിൽ പരിശീലനങ്ങൾ നടത്തുന്നതായിരിക്കും. പരിശീലന പരിപാടിയിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ 0484 2950408 എന്ന നമ്പറിൽ ഓഫീസ് സമയങ്ങളിൽ 10.15 മണി മുതൽ 05.15 വരെയുള്ള സമയങ്ങളിൽ വിളിച്ച് മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

8. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ **കാട വളർത്തൽ** എന്ന വിഷയത്തിൽ ഈ മാസം 17ന് (17/08/2023) രാവിലെ 10.00 മുതൽ 5.00 മണി പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ 0491- 2815454, 9188522713 എന്നീ ഫോൺ നമ്പരുകളിൽ വിളിച്ച് മുൻകൂട്ടി രജിസ്റ്റർ ചേയ്യേണ്ടതാണ്. പങ്കെടുക്കുന്നവർ ആധാർ കാർഡിൻറെ കോപ്പി കൊണ്ടുവരേണ്ടതാണ്.

9. കേരള കാർഷിക സർവ്വകലാശാല കമ്മ്യൂണിക്കേഷൻ സെന്ററിൽ അക്വാപോണിക്സ്, ബയോഫ്ലോക്ക് എന്നീ വിഷയങ്ങളിൽ 22.08.2023-ന് പരിശീലനം സംഘടിപ്പിക്കും. 550/- രൂപയാണ് ഫീസ്. കൂടുതൽ വിവരങ്ങൾക്ക് 0487 2370773 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

10. കേരള വെറ്ററിനറി സർവകലാശാല നടത്തിവരുന്ന MS/MSc, BSc (PPBM), Diploma, PG Diploma കോഴ്സുകളിൽ അവശേഷിക്കുന്ന ഒഴിവുകളിലേക്ക് മണ്ണുത്തി വെറ്ററിനറി കോളേജിൽ 2023 ആഗസ്റ്റ് മാസം 11 ആം തീയതി 10.30 a.m. ന് സ്പോട്ട് അഡ്മിഷൻ നടത്തപ്പെടുന്നു. കോഴ്സുകളുടെ വിശദവിവരങ്ങൾക്ക് www.kvasu.ac.in സന്ദർശിക്കുക. കൂടുതൽ വിവരങ്ങൾക്കായി **9447225513, 9539511273, 9846988211, 9562367900, 9447846794** എന്നീ നമ്പറുകളിൽ ബന്ധപ്പെടുക

11. റബ്ബർതോട്ടങ്ങളിലെ ഇടവിളക്കൃഷിയിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) ഓൺലൈൻ പരിശീലനം നടത്തുന്നു. 2023 ആഗസ്റ്റ് 14-ന് ഉച്ചകഴിഞ്ഞ് 2.30 മുതൽ വൈകിട്ട് 4.30 വരെയാണ് പരിശീലനം. പരിശീലനമാധ്യമം മലയാളം ആയിരിക്കും. കൂടുതൽ വിവരങ്ങൾക്ക് 04812353127 എന്ന ഫോൺ നമ്പരിലോ 04812351313 എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടുക.

12. **കാർഷിക നിർദ്ദേശം** – നെൽപ്പാടങ്ങളിൽ വെള്ളക്കെട്ടുള്ള സാഹചര്യമായതിനാൽ ഗാളീച്ചയുടെ ആക്രമണം ഉണ്ടാകാൻ സാധ്യതയുണ്ട്. ഗാളീച്ചയുടെ മുട്ട വിരിഞ്ഞുണ്ടാകുന്ന പുഴുക്കൾ നെല്ലിന്റെ മുകുള ഭാഗം തിന്നുന്നത് മൂലം നടുനാമ്പു ഒരു കുഴലായി രൂപാന്തരപ്പെടുന്നതാണ് കീടാക്രമണത്തിൻറെ ലക്ഷണം. പറിച്ചു നട്ടതിന് ശേഷം ആക്രമണം കണ്ടുവരുന്ന പാടങ്ങളിൽ ഫിപ്രോനിൽ 0.3 ഗ്രാം ഒരു ഏക്കറിന് 6 കിലോഗ്രാം എന്ന തോതിൽ ഇട്ടു കൊടുക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം